DESPATCHED
On.14/6/22.



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 328(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 6121/SIC-Gen4/2022**
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 8

ശ്രീമതി. വസന്ത വി.,
ചൈത്രം, ഒ.വി.ആർ.എ-എ4,
ഒബ്സർവേറ്ററി ലെയ്ൻ,
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം- 695 033.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സ്റ്റേഷൻ ഹൗസ് ഓഫീസർ,
മ്യൂസിയം പോലീസ് സ്റ്റേഷൻ,
തിരുവനന്തപുരം സിറ്റി.
2. അപ്പീൽ അധികാരി &
പോലീസ് അസിസ്റ്റന്റ് കമ്മീഷണർ,
കന്റോൺമെന്റ്, തിരുവനന്തപുരം സിറ്റി.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 29.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.1.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.2.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 21.3.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.4.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 20.4.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.4.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 7.5.2022, 9.5.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയത | 7.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി | ഹാജരായി (ഓഡിയോ) |
| എസ്.പി.ഐ.ഒ. | ഹാജരായി (വീഡിയോ) |

## ഉത്തരവ്

ശ്രീമതി. വസന്ത വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, മ്യൂസിയം ജനമൈത്രി പോലീസ് സ്റ്റേഷനിൽ നൽകിയ

അപേക്ഷയ്ക്ക് ശരിയായ വിവരങ്ങൾ ലഭിക്കാത്തതിനാൽ അപ്പീൽ അധികാരിയായ കന്റോൺമെന്റ് പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്ക് അപ്പീൽ സമർപ്പിച്ചു എന്നും ആയതിന് നൽകിയ വിവരങ്ങൾ എല്ലാം അടിസ്ഥാനരഹിതമാണെന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ കമ്മീഷൻ നടപടി സ്വീകരിക്കണമെന്നും വിവരങ്ങൾ യഥാസമയം നൽകാത്തതിന് വീഴ്ച വരുത്തിയവർക്ക് എതിരെ കർശന നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 29.12.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് 20.9.2021-ന് ടിയാളുടെ വീട്ടിൽ ചെന്ന് ടിയാളെയും മകനെയും ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങളാണ് :

i. ശ്രീ. സേവ്യർ ജോർജ് മക്കളായ ശ്രീ. ആൻ സേവ്യർ, അനു സേവ്യർ എന്നിവർ നൽകിയ പരാതിയുടെ പകർപ്പ്.

ii. മേൽപ്പടി പരാതിക്കാരിൽ നിന്നും എടുത്ത മൊഴിയുടെ പകർപ്പ്

iii. അക്രമത്തിൽ ശ്രീ. ധനീഷിന്റെ എല്ല് ഒടിഞ്ഞത് സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ട്, വസന്തയുടെ ചികിത്സാ റിപ്പോർട്ട് എന്നിവ ലഭിച്ചിരുന്നോ എന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.1.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. തുടർന്ന് ടിയാളുടെ അപേക്ഷയിലെ 1 മുതൽ 5 വരെയുള്ള ഇനങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകിയില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് 2-ാം എതിർകക്ഷിയ്ക്ക് ഹർജിക്കാരി അപ്പീൽ നൽകുകയുണ്ടായി. ടി അപ്പീൽ ഒന്നാം എതിർകക്ഷി ഹാജരാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരിക്ക് നൽകി 21.3.2022-ന് തീർപ്പാക്കിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷക 29.12.2021 തീയതി മ്യൂസിയം പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിന്മേൽ 16.1.2022-ന് നൽകിയ മറുപടി തൃപ്തികരമല്ലാത്ത-തിനാൽ അപേക്ഷക 22.2.2022 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയത് പരിശോധിച്ചതിൽ 20.9.2021-ന് അപേക്ഷകയുടെ വീട്ടിൽ വച്ച് ശ്രീ. സേവ്യർ ജോർജ് മക്കളായ ശ്രീ. അനു ജോർജ്, ശ്രീ. ആൻ ജോർജ് എന്നിവർ അപേക്ഷകയെയും മകനെയും ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് മ്യൂസിയം

പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ പകർപ്പ്, മകന്റെ മെഡിക്കൽ റിപ്പോർട്ട്, അപേക്ഷകയുടെ ചികിത്സാ റിപ്പോർട്ട്, വാട്സ് ആപ്പ് ഇ-മെയിൽ പരാതിയുടെ പകർപ്പ്, കേസ് സംബന്ധിച്ച എഫ്.ഐ.ആർ ന്റെ പൂർണ്ണ വിവരം അടങ്ങിയ പകർപ്പുകൾ എന്നിവയാണ് അപേക്ഷക ആവശ്യപ്പെട്ടിരിക്കുന്നതെന്ന് കാണാൻ കഴിഞ്ഞിട്ടുള്ളതിനാൽ ആയതിന്മേൽ മ്യൂസിയം പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/എസ്.എച്ച്.ഒ യിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടി-ട്ടുള്ളതും ആയതിന്മേൽ 20.3.2022-ന് ലഭിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ അപേക്ഷകയ്ക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ നിന്നും മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷക ആവശ്യപ്പെട്ട വിവരങ്ങളുടെ മറുപടി കാണിച്ച് അപ്പീൽ അപേക്ഷ തീർപ്പാക്കി 21.3.2022-ന് അപേക്ഷകയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് 25.4.2022-ന് കമ്മീഷനിൽ നിന്നും അയച്ചു കിട്ടിയ കത്തിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ 4.5.2022-ന് ലഭിച്ച റിപ്പോർട്ടിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ശ്രീ. ധനീഷിനെ എതിർകക്ഷിയാക്കി പരാതി ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ലായെന്നും, എന്നാൽ 20.9.2021 തീയതി ശ്രീ. ധനീഷിനെ പ്രതിയാക്കി സ്വമേധയാ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 1140/2021 U/s118(a) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, ടി കേസ് തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സിസി 185/2021-ാം നമ്പരായി വിചാരണയിലിരിക്കവെ പ്രതി 750/- രൂപ പിഴ ഒടുക്കി ടി കേസ് തീർപ്പാക്കിയിട്ടുള്ളതാണെന്നും ശ്രീ. ധനീഷിന്റെ മൊഴി മ്യൂസിയം പോലീസ് രേഖപ്പെടുത്തിയിട്ടില്ലെന്നും ടിയാന്റെ മെഡിക്കൽ പരിശോധനാ റിപ്പോർട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ലായെന്നും, 22.09.2021 തീയതി അപേക്ഷകയുടെയോ ശ്രീ ധനീഷിന്റെയോ മൊഴി രേഖപ്പെടുത്തിയിട്ടില്ലായെന്നും, ടി കേസ് രജിസ്റ്റർ ചെയ്ത ദിവസമോ അതിനടുത്ത ദിവസമോ ഇക്കാര്യത്തിലുള്ള വാട്സ് ആപ്/ഇ-മെയിൽ മുഖാന്തിരമുള്ള പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണെന്നും ഹർജിക്കാരിയുടെ പരാതി വിഷയത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ നിന്നും അപേക്ഷകയ്ക്കോ, അപേക്ഷക നിർദ്ദേശിച്ചയക്കുന്നയാൾക്കോ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഹാജരായി ആവശ്യമായ രേഖകൾ പരിശോധിക്കാനും ശേഖരിക്കാനും അനുവദിക്കുന്ന-താണെന്നും അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ

എതിർകക്ഷികൾ നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ നൽകിയ മറുപടിയിൽ ഹർജിക്കാരിക്ക് ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ മറുപടി തയ്യാറാക്കിയതിന് ആധാരമായ രേഖകൾ രണ്ടാം എതിർകക്ഷി വിളിച്ചു വരുത്തി, ഒന്നാം എതിർകക്ഷിയുടെ സാന്നിധ്യത്തിൽ ടി രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഹർജിക്കാരിക്ക് അവസരം നൽകി, അപ്രകാരം ഏതെങ്കിലും രേഖകളുടെ പകർപ്പ് ടിയാൾക്ക് ആവശ്യമായി വരികയാണെങ്കിൽ പ്രസ്തുത പകർപ്പുകൾ സൗജന്യമായി എടുക്കുന്നതിനുള്ള അവസരം രണ്ടാം എതിർകക്ഷി അനുവദിക്കേണ്ടതാണെന്നും, ഭാവിയിൽ ഇത്തരത്തിലുള്ള പരാതികൾക്ക് ഇടനൽകാതെ വിവരാവകാശ അപേക്ഷകളും/അപ്പീൽ അപേക്ഷകളും കൂടുതൽ ജാഗ്രതയോടെ എതിർകക്ഷികൾ കൈകാര്യം ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk